"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- "മാസ്റ്റർ പ്ലാൻ ഫോർ പത്തനംതിട്ട ടൗൺ 2045"-ന് അന്തിമ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്**

സ.ഉ.(കൈ) നം.99/2026/LSGD തീയതി,തിരുവനന്തപുരം, 17-06-2026

പരാമർശം:-

1. G.O(Ms) No.174/2025/LSGD, തീയതി 01/10/2025.
2. 10/10/2025-ലെ കേരള ഗസറ്റ് വിജ്ഞാപനം നമ്പർ 3622,വാല്യം 14.
3. പത്തനംതിട്ട നഗരസഭ കൗൺസിലിന്റെ 29/01/2026 തീയതിയിലെ 5-ാം നമ്പർ തീരുമാനം.
4. പത്തനംതിട്ട നഗരസഭ കൗൺസിലിന്റെ 06/03/2026 തീയതിയിലെ 1-ാം നമ്പർ തീരുമാനം.
5. പത്തനംതിട്ട നഗരസഭ സെക്രട്ടറിയുടെ 08/06/2026-ലെ E2-9592/2018 നമ്പർ കത്ത്.
6. ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്)-ടെ 11/06/2026-ലെ LSGD/PD/19553/2024-TCPB4 നമ്പർ കത്ത്.

**ഉത്തരവ്**

'Risk informed Master Plan' എന്ന രീതിയിൽ തയ്യാറാക്കിയ "മാസ്റ്റർ പ്ലാൻ ഫോർ പത്തനംതിട്ട ടൗൺ 2045"-ന്റെ കരടിന് പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം പ്രസിദ്ധീകരണാനുമതി നല്കിയിരുന്നു. തുടർന്ന്, കരട് മാസ്റ്റർ പ്ലാനിന്മേലുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചുകൊണ്ട് പത്തനംതിട്ട നഗരസഭ പരാമർശം (2) പ്രകാരം വിജ്ഞാപനം ചെയ്യുകയും രണ്ട് മലയാള ദിനപത്രങ്ങളിൽ നോട്ടീസ് പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു.

2. 2025-ലെ തദ്ദേശ തിരഞ്ഞെടുപ്പ് മൂലം, പ്രസിദ്ധീകരിച്ച മാസ്റ്റർപ്ലാൻ ജനങ്ങളിലേക്ക് പരമാവധി എത്തിക്കാൻ സാധിക്കാത്തതിനാൽ ആക്ഷേപങ്ങളും അഭിപ്രായങ്ങളും സ്വീകരിക്കേണ്ട സമയപരിധി പരാമർശം (3) പ്രകാരം ദീർഘിപ്പിച്ച് നൽകിയിരുന്നു. അതോടൊപ്പം, പ്രസിദ്ധീകരിച്ച കരട് മാസ്റ്റർപ്ലാൻ ജില്ലാ ആസൂത്രണകമ്മിറ്റിക്ക് അയച്ചുനൽകുകയുമുണ്ടായി. പ്രസിദ്ധീകരിച്ച കരട് മാസ്റ്റർപ്ലാനിന്മേൽ പൊതുജനങ്ങളിൽ നിന്നും ലഭിച്ച ആക്ഷേപങ്ങൾ സ്പെഷ്യൽ കമ്മിറ്റി പരിശോധിക്കുകയും നേരിട്ട് കേൾക്കുന്നതിന് അപേക്ഷിച്ചവരെ 28/02/2026-ന് നടത്തിയ ഹിയറിങ്ങിൽ നേരിട്ട് കേട്ട് അതിൻപ്രകാരം ഫാറം-I ൽ തയ്യാറാക്കിയ ശിപാർശ കൗൺസിലിൽ സമർപ്പിക്കുകയും

ചെയ്തിരുന്നു.

3. മാസ്റ്റർപ്ലാൻ കമ്മിറ്റി സമർപ്പിച്ച ശിപാർശകൾ പരാമർശം (4) പ്രകാരം പത്തനംതിട്ട നഗരസഭ കൗൺസിൽ ഭേദഗതികളോടെ അംഗീകരിക്കുകയും അന്തിമ അനുമതിക്കായി സർക്കാരിലേയ്ക്ക് അയക്കുന്നതിന് തീരുമാനിക്കുകയും ആയത് പത്തനംതിട്ട നഗരസഭ സെക്രട്ടറി ഉചിത മാർഗേന പരാമർശം-(5) പ്രകാരം സർക്കാരിലേക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

4. "മാസ്റ്റർ പ്ലാൻ ഫോർ പത്തനംതിട്ട ടൗൺ 2045"- ന് അന്തിമ അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും; അന്തിമ അനുമതിക്കായി സമർപ്പിക്കേണ്ട സമയപരിധി അധികരിച്ചത്, 2016-ലെ കേരള നഗര ഗ്രാമാസൂത്രണ ആക്റ്റ് വകുപ്പ് 36(11) പ്രകാരം സാധൂകരിച്ച് നൽകുന്നതിനും ചീഫ് ടൗൺ പ്ലാനർ(പ്ലാനിംഗ്) പരാമർശം (6) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. Rebuild Kerala Initiative മുഖേനയുള്ള PforR ൻറെ DL14-ന് കീഴിൽ 2026 ജൂൺ മാസത്തിനകം അംഗീകൃതമാക്കുവാൻ പ്രതിബദ്ധതയുള്ള നാല് പട്ടണങ്ങളുടെ മാസ്റ്റർ പ്ലാനുകളിൽ ഒന്നായ "മാസ്റ്റർ പ്ലാൻ ഫോർ പത്തനംതിട്ട ടൗൺ 2045" ന്റെ അന്തിമ അനുമതിക്കായി സമർപ്പിക്കേണ്ട സമയപരിധി അധികരിച്ചത്, 2016-ലെ കേരള നഗര ഗ്രാമാസൂത്രണ ആക്റ്റ് വകുപ്പ് 36(11) പ്രകാരം സാധൂകരിച്ച് നൽകുന്നതോടൊപ്പം; പ്രസിദ്ധീകൃത മാസ്റ്റർ പ്ലാനിന് 2016-ലെ കേരള നഗര ഗ്രാമാസൂത്രണ ആക്റ്റ് വകുപ്പ് 36(8), 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ(മാസ്റ്റർ പ്ലാനിൻറെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 22 എന്നിവ പ്രകാരം അന്തിമ അനുമതിയും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ (എൽ.എസ്.ജി.ഡി), തിരുവനന്തപുരം.
ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ് ), തിരുവനന്തപുരം.
ജില്ലാ ടൗൺ പ്ലാനർ, പത്തനംതിട്ട
സെക്രട്ടറി, പത്തനംതിട്ട നഗരസഭ.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Krishnakumar S
Date: 17-06-2026 10:47:28
സെക്ഷൻ ഓഫീസർ